**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4538** | **29-10-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമിക്ക പകരം റവന്യൂ ഭൂമി ലഭിക്കാനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. A. K. Saseendran (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി, വനം വകുപ്പ് അധീനതയിലുള്ള ഭൂമി വിട്ടു നൽകുന്നതിന് പകരമായി റവന്യൂ ഭൂമി ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ; | (എ) | സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ടു നൽകുമ്പോൾ, പരിഹാര വനവൽക്കരണത്തിനായി അതേ അളവിൽ വനേതര ഭൂമി യൂസർ ഏജൻസി വനം വകുപ്പിന് കൈമാറേണ്ടതുണ്ട്. വനേതര ഭൂമി ലഭ്യമാക്കാൻ അതാതു യൂസർ ഏജൻസികൾ റവന്യൂ വകുപ്പിനെ സമീപിക്കേണ്ടതും പ്രസ്തുത ഭൂമി വനം വകുപ്പിന് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പുമാണ്. |
| (ബി) | കോഴിക്കോട് ജില്ലയിൽ വനഭൂമി സർക്കാർ ആവശ്യങ്ങൾക്ക് വിട്ടുനല്കുന്നതിന് പരിവേഷ് പോർട്ടലിൽ അപേക്ഷ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ വനഭൂമി സർക്കാർ ആവശ്യങ്ങൾക്ക് വിട്ടുനല്കുന്നതിന് പരിവേഷ് വെബ് പോർട്ടലിൽ 6 അപേക്ഷകൾ ആണ് നിലവിൽ ഉള്ളത്. |
| (സി) | പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്നു വ്യക്തമാക്കുമോ? | (സി) | പ്രസ്തുത അപേക്ഷകൾ അപൂർണ്ണമായതിനാൽ, അതാതു യൂസർ ഏജൻസികളോട് ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ